**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** **26-07-2021 - ല്‍ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസണ്‍ മാസ്റ്റര്‍ ,<br>ശ്രീ പി എസ് സുപാല്‍,<br>ശ്രീ ജി എസ് ജയലാല്‍ ,<br>ശ്രീ . മുഹമ്മദ് മുഹസിന്‍ പി .** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ക്ഷേമവും നിയന്ത്രണവും സാധ്യമാക്കുന്ന തരത്തില്‍ ഡേറ്റാ ബേസ് രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ക്ഷേമവും നിയന്ത്രണവും സാധ്യമാക്കുന്ന തരത്തില്‍ "അതിഥി ആപ്പ്" എന്ന മൊബൈല്‍ ആപ്ലിക്കേഷന്‍ നടപ്പില്‍ വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തില്‍ വന്ന് ജോലി ചെയ്യാന്‍ ആഗ്രഹിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികള്‍ക്ക് വേണ്ട സൗകര്യങ്ങള്‍ നല്‍കുന്നതിനായാണ് ഈ മൊബൈല്‍ ആപ്ലിക്കേഷന്‍ ഡെവലപ്പ് ചെയ്യാന്‍ ഉദ്ദേശിച്ചിട്ടുള്ളത്. 2020-ലെ കോവിഡ് 19 മഹാമാരിയെ തുടര്‍ന്ന് കേന്ദ്ര സംസ്ഥാന സര്‍ക്കാരുകള്‍ പ്രഖ്യാപിച്ച ലോക്ക്ഡൗണിന് ശേഷം ഭൂരിഭാഗം തൊഴിലാളികളും സ്വദേശത്തേക്ക് മടങ്ങിയിരുന്നു. എന്നാല്‍ ലോക്ക്ഡൗണ്‍ ഇളവുകള്‍ പ്രഖ്യാപിച്ച അവസരത്തില്‍ കേരളത്തില്‍ എത്തിയ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം തൊഴില്‍ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് തൊഴില്‍ വകുപ്പ് നടപ്പിലാക്കിവരുന്ന ആവാസ് പദ്ധതിയില്‍ 509451 പേര്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്. ആവാസ് പദ്ധതിയില്‍ അംഗമാകുന്ന ഓരോരുത്തര്‍ക്കും 25,000/- രൂപയുടെ സൗജന്യ ഇന്‍പേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയില്‍ എംപാനല്‍ ചെയ്ത എല്ലാ സര്‍ക്കാര്‍ ആശുപത്രികളില്‍ നിന്നും ലഭ്യമാകുന്നു. ആരോഗ്യ ഇന്‍ഷുറന്‍സിനൊപ്പം അംഗങ്ങള്‍ക്ക് 2,00,000/- രൂപയുടെ അപകട മരണ ഇന്‍ഷുറന്‍സും പദ്ധതിയില്‍ ഉറപ്പ് വരുത്തുന്നുണ്ട്. ചികിത്സാ പരിധിയില്‍ പ്രസവ സംബന്ധമായ ചികിത്സ ഉള്‍പ്പെടുത്തിയിട്ടുണ്ട്. അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ വരെ ഇന്‍ഷുറന്‍സ് പരിരക്ഷയും ഏര്‍പ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അതിഥി തൊഴിലാളികളുടെ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിലൂടെ ഇത് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധപ്പെടുത്താൻ കഴിയുമോ; വ്യക്തമാക്കാമോ; | (ബി) | അതിഥിത്തൊഴിലാളികളുടെ ഡേറ്റാബേസ് റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധിപ്പിക്കാൻ നിലവിൽ സാധിക്കുന്നതല്ല. എന്നാൽ "One Nation One Ration Card" പദ്ധതിയുടെ ഭാഗമായി Integrated Management of Public Distribution System (IMPDS) പദ്ധതി പ്രകാരം ആസ്സാം, പശ്ചിമബംഗാൾ, ഛത്തീസ്ഗഢ് എന്നിവ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ NFSA (എ.എ.വൈ, മുൻഗണനാ) കാർഡുടമകൾക്ക് മേൽപ്പറഞ്ഞവയൊഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും ഇ-പോസ് സ്ഥാപിച്ചിട്ടുള്ള ഏത് റേഷൻ കടയിൽ നിന്നും ആധാർ ആധന്റിക്കേഷൻ മുഖേന NFSA പ്രകാരമുള്ള റേഷൻ വിഹിതം കൈപ്പറ്റാവുന്നതാണ്. |
| (സി) | അതിഥി തൊഴിലാളികളുടെ ക്ഷേമവും നിയന്ത്രണവും സാധ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ; | (സി) | കേരളത്തിൽ വന്ന് തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നിലവിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ്, പാർപ്പിട പദ്ധതികളായ അപ്നാഘർ, ആലയ് പദ്ധതികളും നിലവിലുണ്ട്. |
| (ഡി) | അതിഥി തൊഴിലാളികൾക്ക് പറഞ്ഞ് ഉറപ്പിക്കുന്ന വേതനം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട എല്ലാ തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും സർക്കാർ വിജ്ഞാപനം ചെയ്ത മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. ഇക്കാര്യം തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ ഉറപ്പുവരുത്തുന്നുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ